A

സമഗ്ര ശിക്ഷാ കേരളം

. 606

# ആത്യന്തിക വിലയിരുത്തൽ II 2025-2026

## അടിസ്ഥാനശാസ്ത്രം

ക്ലാസ്: 6

സമയം: 2 മണിക്കൂർ 15 മിനിട്ട്

### നിർദേശങ്ങൾ

- ആകെ സമയത്തിന്റെ ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുന്നു.
- 6 ചോദ്യങ്ങൾക്ക് ഉത്തരം എഴുതണം. ചോദ്യങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരം എഴുതണം.
- 2, 3 എന്നീ ചോദ്യങ്ങൾക്ക് ചോയ്സ് നൽകിയിട്ടുണ്ട്. ചോയ്സുള്ള ചോദ്യങ്ങളിൽ A, B എന്നിവയിൽ ഒന്നിന് ഉത്തരം എഴുതിയാൽ മതി.

1.

a) മാവ്, കശുമാവ് എന്നിവയിലെ പൂക്കൾ നിരീക്ഷിക്കൂ. ഈ പൂക്കളും ഇവയുടെ ഫലങ്ങളും താരതമ്യം ചെയ്ത് സാമ്യവ്യത്യാസങ്ങൾ എഴുതുക.

മാവ്



കശുമാവ്



b) ലഘുഫലങ്ങളായ മാങ്ങയുടെയും പാവയ്ക്കയുടെയും ചിത്രങ്ങളാണ് താഴെ.

മാങ്ങ



പാവയ്ക്ക



ഇവ നിരീക്ഷിച്ച് വിത്തുകളുടെ എണ്ണത്തിൽ വ്യത്യാസം വരുന്നതിനുള്ള കാരണം എഴുതുക.

c) സംയുക്തഫലത്തെ സംബന്ധിച്ച ശരിയായ പ്രസ്താവന എടുത്തെഴുതുക.

i) ഒരു പൂവിൽ നിന്ന് ഒരു ഫലം ഉണ്ടാകുന്നു.

ii) ഒരു പൂവിൽ നിന്ന് ഒന്നിലധികം ഫലം ഉണ്ടാകുന്നു

iii) ഒരു പൂങ്കുലയിൽ ഉണ്ടാകുന്ന ഒന്നിലധികം ഫലങ്ങൾ കൂടിച്ചേർന്ന് ഒരു ഫലം ആകുന്നു.

iv) ഒരു പൂങ്കുലയിലെ ഓരോ പൂവും ഫലമായി മാറുന്നു.

2. ഈ ചോദ്യത്തിന് **2 (A), 2 (B)** എന്നീ രണ്ടു ഭാഗങ്ങളുണ്ട്. **2 (A), 2 (B)** എന്നിവയിൽ ഏതെങ്കിലും ഒന്ന് എഴുതിയാൽ മതിയാകും.

2. (A)

a) വ്യത്യസ്ത വസ്തുക്കളും തന്മാത്രകളുടെ വ്യത്യസ്ത ക്രമീകരണരീതിയുമാണ് ചുവടെ നൽകിയിരിക്കുന്നത്. പട്ടിക പരിശോധിക്കൂ. ശരിയായ ക്രമീകരണം താഴെ തന്നിരിക്കുന്നതിൽ ഏതെന്ന് എഴുതുക.

| വസ്തു | | | തന്മാത്രകളുടെ ക്രമീകരണം |
|---|---|---|---|
| 1 | ഐസ് | a |  |
| 2 | വെള്ളം | b |  |
| 3 | നീരാവി | c |  |

A. 1 a, 2 b, 3 c, B. 1 b, 2 a, 3 c

C. 1 b, 2 c, 3 a, D. 1 c, 2 a, 3 b

b) ജലത്തിലും ഐസിലും തന്മാത്രകളുടെ ക്രമീകരണവും അവയുടെ ആകൃതിയും തമ്മിലുള്ള ബന്ധം എന്തെന്ന് എഴുതുക.

c) താഴെ നൽകിയിരിക്കുന്ന പ്രസ്താവനകൾ പരിശോധിക്കൂ.

പ്രസ്താവന 1 - വായു ഒരു മിശ്രിതമാണ്.

പ്രസ്താവന 2 - കാർബൺ ഡൈഓക്സൈഡ് ശുദ്ധപദാർഥമാണ്.

ഈ പ്രസ്താവനകൾ ശരിയാണോ? എന്തുകൊണ്ട്?

**അല്ലെങ്കിൽ**

**2. (B)**

a) മിശ്രിതങ്ങളിൽ നിന്ന് ഘടക പദാർഥങ്ങൾ വേർതിരിക്കേണ്ടിവരുന്ന ചില സന്ദർഭങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

A: നെല്ലിൽ നിന്ന് പതിര് വേർതിരിക്കുന്നു.

B: നാരങ്ങാ വെള്ളത്തിൽ നിന്ന് നാരങ്ങയുടെ കുരു വേർതിരിക്കുന്നു.

C: തൈരിൽ നിന്ന് വെണ്ണ വേർതിരിക്കുന്നു.

D: അരിയിൽ നിന്ന് കടല വേർതിരിക്കുന്നു.

ഇവയെ വേർതിരിക്കുന്നതിനായി ഘടകപദാർഥങ്ങളുടെ ഏത് സ്വഭാവമാണ് പ്രയോജനപ്പെടുത്തിയിരുക്കുന്നത്?

b) ഉപ്പും മണലും ചേർന്ന മിശ്രിതത്തിൽ നിന്ന് ഘടക പദാർഥങ്ങളെ വേർതിരിക്കുന്നതെങ്ങനെ?

c) ശർക്കരയിൽ നിന്നും കല്ല് വേർതിരിക്കാൻ കഴിയുന്നതിന്റെ കാരണം താഴെപ്പറയുന്നവയിൽ ഏതാണെന്ന് കണ്ടെത്തി എഴുതുക.

A. നിറത്തിലുള്ള വ്യത്യാസം

B. വലുപ്പത്തിലുള്ള വ്യത്യാസം


C. ലയിക്കുന്നതിലുള്ള വ്യത്യാസം

D. ഇവയൊന്നുമല്ല

3. ഈ ചോദ്യത്തിന് **3.(A), 3.(B)** എന്നി രണ്ടു ഭാഗങ്ങളുണ്ട്. **3.(A), 3.(B)** എന്നിവയിൽ ഏതെങ്കിലും ഒന്ന് എഴുതിയാൽ മതിയാകും.

**3. (A)**

സംഭാഷണം ശ്രദ്ധിക്കു.




a) ഒന്നു മാത്രമായാൽ ജാതിമരം കായ്ക്കുന്നില്ല. കാരണം എഴുതുക.

b) പൂക്കളുടെ പ്രത്യേകതകളും അവയുടെ പരാഗണകാരികളും അടങ്ങിയ പട്ടികയാണ് താഴെ കൊടുത്തിരിക്കുന്നത്.

പട്ടിക പൂർത്തിയാക്കുക.

| പൂവ് | പരാഗണകാരി | പ്രത്യേകത |
|---|---|---|
| നെല്ല് | A. ............................... | B. .................... |
| തെച്ചി | തേനീച്ച | C. ................. |
| D.................... | നിശാശലഭം | വെളുത്ത മണമുള്ള പൂക്കൾ |

c) പരാഗണവുമായി ബന്ധപ്പെട്ട പ്രസ്താവനകളാണ് താഴെനൽകിയിരിക്കുന്നത്. ശരിയായ പ്രസ്താവനകൾ ഏത്?

i. ഏകലിംഗ സസ്യങ്ങളിൽ സ്വപരാഗണവും പരപരാഗണവും നടക്കുന്നു.

ii. ഏകലിംഗ സസ്യങ്ങളിൽ പരപരാഗണം മാത്രം നടക്കുന്നു.

iii. ദ്വിലിംഗ സസ്യങ്ങളിൽ സ്വപരാഗണവും പരപരാഗണവും നടക്കുന്നു.

iv. ദ്വിലിംഗ സസ്യങ്ങളിൽ പരപരാഗണം മാത്രം നടക്കുന്നു.


A. പ്രസ്താവന I, ii ശരി B. പ്രസ്താവന ii, iii ശരി

C. പ്രസ്താവന i, iv ശരി D. പ്രസ്താവന iii, iv ശരി

**അല്ലെങ്കിൽ**

**3. (B)**

a) ചിത്രത്തിലെ ഭാഗങ്ങൾ എഴുതുക.




b) ബീജസങ്കലനത്തിന്റെ വിവിധ ഘട്ടങ്ങൾ താഴെകൊടുത്തിരിക്കുന്നു. ഇവ ക്രമപ്പെടുത്തി എഴുതുക.

i. പരാഗരേണു ജനിദണ്ഡിലൂടെ ഒരു നാളിയായി വളരുന്നു.

ii. പുംബീജം അണ്ഡവുമായി ചേർന്ന് സിക്താണ്ഡമാവുന്നു.


iii. പരാഗരേണു പരാഗണസ്ഥലത്ത് പതിക്കുന്നു.

iv. നാളിയിലൂടെ പുംബീജം അണ്ഡാശയത്തിലെത്തുന്നു.

4.

a) കാന്തത്തിന്റെ പ്രത്യേകതകൾ പ്രയോജനപ്പെടുത്തി 'ചൂണ്ടയുടെ അടുത്തേക്ക് വരുന്ന മത്സ്യത്തിന്റെ' ഒരു കളിപ്പാട്ടം നിർമിക്കണം. കാന്തം, ചൂണ്ടക്കൊളുത്ത് എന്നിവ ഉണ്ട്. ആവശ്യമായ മറ്റു സാമഗ്രികൾ ഉൾപ്പെടുത്തി നിർമാണരീതി എഴുതുക.

b) കാന്തങ്ങളുടെ ക്രമീകരണം ശ്രദ്ധിക്കൂ.




ഏതെല്ലാം ക്രമീകരണത്തിലാണ് കാന്തങ്ങൾ ആകർഷിക്കുന്നത്? ഏതെല്ലാം ക്രമീകരണത്തിലാണ് കാന്തങ്ങൾ വികർഷിക്കുന്നത്? എന്തുകൊണ്ട്?


5.

a) കളിക്കുന്നതിനിടയിൽ വീണു പോയ കൂട്ടുകാരന് കൈ അനക്കാൻ ബുദ്ധിമുട്ടും വേദനയും അനുഭവപ്പെട്ടു. ഈ ഭാഗം അനക്കാതെ കുട്ടിയെ ആശുപത്രിയിലെത്തിക്കണം. അതിന് മുമ്പായി നിങ്ങൾ ചെയ്യേണ്ട പ്രഥമശുശ്രൂഷ മാർഗമെന്ത്? ആവശ്യമായ സാമഗ്രികളും ചെയ്യേണ്ട വിധവും എഴുതുക.

b) ആരോഗ്യക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടന്ന ബോധവൽക്കരണക്ലാസിൽ എല്ലുകളുടെ ആരോഗ്യത്തിനായി ഇലക്കറികൾ, മുട്ട, പാൽ എന്നിവ ആഹാരത്തിൽ ഉൾപ്പെടുത്താൻ ഡോക്ടർ നിർദേശിച്ചു. എന്തായിരിക്കാം കാരണം?

6.

ചിത്രം നിരീക്ഷിക്കൂ.



a) ജന്തുകോശത്തിലും സസ്യകോശത്തിലും പൊതുവായി കാണുന്ന ഭാഗങ്ങൾ തിരിച്ചറിഞ്ഞ് എഴുതുക.

b) (1) പ്രോട്ടീൻ ഉല്പാദനത്തിന് സഹായിക്കുന്ന കോശാംഗം ഏത്?

(2) കോശത്തിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന കോശഭാഗം ഏത്?

c) ജീവികളുടെ കോശങ്ങളുമായി ബന്ധപ്പെട്ട നാല് പ്രസ്താവനകളാണ് താഴെ നൽകിയിരിക്കുന്നത്. ശരിയായ പ്രസ്താവന ഏത്?

i. എല്ലാ ജീവികളുടെയും അടിസ്ഥാനഘടകം കോശമാണ്.

ii. യുഗ്ലീന ഒരു ബഹുകോശ ജീവിയാണ്.

iii. ഹാൻഡ് ലെൻസ് ഉപയോഗിച്ച് കോശങ്ങൾ നിരീക്ഷിക്കുന്നു.

iv. കോശത്തിനുവേണ്ട ഊർജം ഉൽപാദിപ്പിക്കുന്നത് മൈറ്റോകോൺട്രിയൺ ആണ്.

A. പ്രസ്താവന i, ii ശരി

B. പ്രസ്താവന i, iii ശരി

C. പ്രസ്താവന i, iv ശരി

D. പ്രസ്താവന i, iii, iv ശരി